ഉത്തരം

(എ&ബി) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പൂരക്കളി അക്കാദമി സ്ഥാപിക്കുന്നതിന് പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കലാകാര പെൻഷൻ

77 (1477) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ കലാകാര പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട്; അത് പ്രതിമാസം എത്ര രൂപ വീതമാണ്;

(ബി) കലാകാര പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(സി) കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) വർദ്ധിച്ച വിലക്കയറ്റവും ജീവിത ചെലവുകളും കണക്കിലെടുത്ത് കലാകാര പെൻഷൻ കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 2499 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. പ്രതിമാസം 750 രൂപയാണ് കലാകാര പെൻഷൻ തുക.

(ബി&സി) കലാകാര പെൻഷൻ 2014 നവംബർ മാസം മുതൽ പോസ്റ്റാഫീസ്/ ബാങ്ക് സേവിംഗ്സ് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത 27 ഗുണഭോക്താക്കൾക്ക് 2014 നവംബർ മാസം മുതൽ (4 മാസത്തെ) കലാകാര പെൻഷൻ നൽകിയിട്ടില്ല. വിശദവിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ഉണ്ട്. 12-7-2013-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ 339/2013/ധന ഉത്തരവ് പ്രകാരം 1-4-2013 മുതൽ അന്നത്തെ കലാകാര പെൻഷൻ തുകയായ 550 രൂപയിൽ നിന്നും 650 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 26-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 25/14/സാം.ക.വ. ഉത്തരവ് പ്രകാരം 1-4-2014 മുതൽ 650 രൂപയിൽ നിന്നും 750 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

കത്തിയോട്ട പരിശീലന കേന്ദ്രം

78 (1478) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏറെ പ്രശസ്തമായ അനുഷ്ഠാനകലയായ കത്തിയോട്ട ചുവടും പാട്ടും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പരമ്പരാഗത കത്തിയോട്ട ആശാൻമാരുടെ മേൽ നോട്ടത്തിൽ ഓണാട്ടുകരയിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കത്തിയോട്ട പരിശീലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കത്തിയോട്ട ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ കലാകാരൻമാർക്കും സ്റ്റൈപ്പന്റ്, പെൻഷൻ, ചികിത്സാ സഹായം എന്നിവ നൽകിവരുന്നു. ഈ കലാരൂപം പരിപോഷിപ്പിക്കുന്നതിനായി അക്കാദമി പ്രത്യേക പരിഗണന നൽകുന്നുണ്ട്. എന്നാൽ ഓണാട്ടുകരയിൽ കത്തിയോട്ട പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊച്ചിൻ ബിനാലെ പദ്ധതി

79 (1479) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ബിനാലെ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചത് ഏത് കാലയളവിലാണ് ; ഇത് സംബന്ധിച്ച ആദ്യ മന്ത്രിസഭാ തീരുമാനം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly